# കേരള സർവകലാശാല

നം. പി.ആർ.007/2015 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ പരീക്ഷ മാറ്റി.

കേരള സർവകലാശാല ഫെബ്രുവരി 10-ന് തുടങ്ങാനിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (ഫുൾ ടൈം/പാർട്ട് ടൈം/യു.ഐ.എം - റഗുലർ & സപ്ലിമെന്ററി) പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

### എം.എ മലയാളം ഫലം : ഒന്നാം റാങ്ക് രഞ്ജിനിക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ/ജൂലൈയിൽ നടത്തിയ എം.എ മലയാളം (പ്രീവിയസ് ആൻഡ് ഫൈനൽ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 10 വരെ അപേക്ഷിക്കാം. രഞ്ജിനി എസ് (രജി.നം 36234) ഒന്നാം റാങ്ക് നേടി.

### ബി.എസ്സി ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരി 15-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബി.എസ്സി ഇലക്ട്രോണിക്സ് (ഡിജിറ്റൽ ഇലക്ട്രോണിക്സ് & മൈക്രോ പ്രോസസർ ലാബ് - റഗുലർ (2014 അഡ്മിഷൻ), സപ്ലിമെന്ററി (2013 അഡ്മിഷൻ & 2013-ന് മുമ്പുള്ള അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.സി.എ പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാല 2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.സി.എ കോഴ്സിന്റെ പ്രാക്ടിക്കൽ ഫെബ്രുവരി 17-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എച്ച്.എം ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2011 സ്കീം) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സിറിൾ ജോൺ (രജി.നം. 20837) ഉയർന്ന മാർക്ക് നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് അഞ്ച് വരെ അപേക്ഷിക്കാം.

### യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പ്

കേരള സർവകലാശാലയുടെ ബിരുദം, ബിരുദാനന്തര ബിരുദം, എൽ.എൽ.ബി, എൽ.എൽ.എം കോഴ്സുകളുടെ (2014-15 അഡ്മിഷൻ) യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിന് അർഹരാവയരുടെ പ്രൊവിഷണൽ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും. പ്രൊവിഷണൽ ലിസ്റ്റിനെ സംബന്ധിച്ച പരാതികൾ അതത് കോളേജ് പ്രിൻസിപ്പൽമാർ/സർവകലാശാല വകുപ്പ് മേധാവികൾ ഫെബ്രുവരി 15-നകം സർവകലാശാലയിൽ സമർപ്പിക്കണം.

## മൂല്യനിർണ്ണയ ക്യാമ്പ്

കേരള സർവകലാശാല 2015 ഡിസംബറിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.എഡ് പരീക്ഷകളുടെ മൂല്യനിർണ്ണയം തിരുവനന്തപുരം തൈക്കാട് ഗവ. ട്രെയിനിംഗ് കോളേജ്, കൊല്ലം തേവള്ളി കെ.യു.സി.ടി.ഇ, പന്തളം ഡി.ഒ.ഐ.സി എന്നിവിടങ്ങളിൽ ഫെബ്രുവരി 12-ന് തുടങ്ങും. അദ്ധ്യാപകർ അതത് ക്യാമ്പുകളിൽ ഹാജരാകണം.

## ഉത്തരവുകൾ കൈപ്പറ്റണം

കേരള സർവകലാശാല ബി.ടെക് കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് അനുവദിച്ച സെഷണൽ ഇംപ്രൂവ്മെന്റിന്റെ ഉത്തരവുകൾ (സെമസ്റ്റർ നാല്, ആറ്, എട്ട്) അക്കാഡമിക് എ3 സെക്ഷനിൽ നിന്നും ഫെബ്രുവരി 15-നകം കൈപ്പറ്റണം.

## യോഗശാസ്ത്രദേശീയശിൽപ്പശാല

കേരളസർവ്വകലാശാല വേദാന്തപഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'യോഗശാസ്ത്രത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ അംശങ്ങൾ' എന്ന വിഷയത്തിൽ 2016 ഫെബ്രുവരി 13 മുതൽ 15 വരെ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവൻ കൂത്തമ്പലത്തിൽ വച്ച് നടത്തുന്ന ദേശീയ ശിൽപ്പശാല പ്രോ. വൈസ് ചാൻസലർ ഡോ.എൻ.വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും. ഡോ.കെ.വെങ്കടാചലപതി, അണ്ണാമലൈ യൂണിവേഴ്സിറ്റി, ഡോ. ടി.വി.പത്മനാഭൻ കണ്ണൂർസർവ്വകലാശാല, കൈതപ്രം വാസുദവൻ നമ്പൂതിരി, ഡോ.പി.മനോഹരൻ, ഡോ.കെ.രാമമൂർത്തി, ഡോ.ലളിത അപ്പുക്കുട്ടൻ തുടങ്ങിയവർ ക്ലാസ്സുകൾ നയുക്കും. താത്പര്യമുള്ളവർ കേരളസർവ്വകലാശാലയുടെ വെബ്സൈറ്റ് (www.keralauniversity.ac.in) സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ. 8281721358, 9400701878.

(ഒപ്പ്)

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
08.02.2016

ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ